25 (*115) മത്സ്യത്തൊഴിലാളികളുടെ പഞ്ചമാസ സമ്പാദ്യപദ്ധതി

ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീ. പി. രാജു :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്കുവേണ്ടി പഞ്ചമാസ സമ്പാദ്യ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഈ സമ്പാദ്യ പദ്ധതിയിൽ ഏതെല്ലാം വിഭാഗങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ വനിതകളേയും ഉൾനാടൻ മത്സ്യത്തൊഴിലാളികളേയും ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ ആവശ്യം നടപ്പാക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നു വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) പുരുഷന്മാരായ കടൽ മത്സ്യത്തൊഴിലാളികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) ഇവരെക്കൂടി പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്

26 (*116) തൊഴിൽ മേഖലയിൽ മിനിമം വേജസ്

ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ തൊഴിൽമേഖലകളിൽ മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണ്;

(ബി) മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മിനിമം വേജസ് പുതുക്കിനിശ്ചയിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിനാൽ മുൻകാല പ്രാബല്യത്തോടെ മിനിമംകൂലി പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly